

# ഉയരെ

Little kites Batch2022-25
Digital Magazine
G H S Marathencode

# Content

1)Self confidence............................4

2)My Kite...........................................5

3)ഓർമ്മകൾ.........................................6

4)പഴശ്ശിരാജ .......................................8

5)വെളുത്ത സ്വർണ്ണം ...............................10

6)മഴത്തുള്ളികൾ...................................11

7)കവിത...............................................12

# SELF CONFIDENCE

A Belief is a feeling of absolute certainty. If you want to achieve anything in life you need to get certain will you achieve it. Why is that we don’t believe in ourselves, as soon as things get tough in our life, we start doubting ourselves. We start thinking that we are not going to make it, stressing and worrying imagining things that may go wrong in the future. We need to understand the human mind and emotions. Your mind can help you to tackle with the greatest challenges of your life. Believes control results because you will never take action towards something you don’t believe it’s possible. You can have all education in the world. It doesn’t matter. If you don’t believe you can do it you will never get it.


Do you think serena williams would be the greatest female tennis player in the history without a belief? Not a chance. These great athletes, these great human beings, these great players, these great scientists are great because they believe  in themselves. They believe when no one else does. Change the belief that there isn’t a way and push yourself and find your own path, your own answers,your own way.

The greatest achievement did not come from someone who saw that it was impossible but still believe they can change achievement something impossible. So, believe in yourself and do the thing which you think would be impossible. Always remember you can do anything impossible in this world by just believe in yourselves.

If you believe in yourself, world will believe in you.

Shihal Ali Ahammed 9A

# My kite



When i was young i had been in grandpa’s house. At that time i went to the play ground to fly a kite. My kite was struck in a tree and my friends tried to help me but it doesn’t work. Then they went and i was alone then i tried to climb the tree but fell down. My knee was injured. But i never give up i tried and tried, at last i took my kite.

Shifanath 9B

# ഓർമ്മകൾ



2022 ഏപ്രിൽ, ഞാനും എന്റെ കുടുംബവും ഒരു യാത്ര പോയി. നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച ഹിൽസ്റ്റേഷനുകളിൽഒന്നായി ഊട്ടിയിലേക്കായിരുന്നു യാത്ര. ഊട്ടി ഹിൽസ്റ്റേഷനുകളുടെ രാജ്ഞി എന്നാണ് അറിയപ്പെടുന്നത്. ഞങ്ങൾ കണ്ണൂരിൽ നിന്ന് ഊട്ടിയിലേക്ക് 3 ദിവസത്തെ യാത്ര ആസൂത്രണം ചെയ്യുകയും ഒരാഴ്ച മുമ്പ് ഒരു റിസോർട്ട് ബുക്ക് ചെയ്യുകയും ചെയ്തു. എന്റെ മാമന്റെ കാറിലായിരുന്നു യാത്ര. ഞായറാഴ്ച പുലർച്ച 5:30നു പുറപ്പെട്ടു. 12 മണിയോടെ റിസോർട്ടിലെതി ഒന്ന് ഫ്രഷ് ആയി ഭക്ഷണവും കഴിച്ചു 1 മണിയോടെ ഞങ്ങൾ ഊട്ടിയിലെ കാഴ്ചകൾ കാണാൻ ഇറങ്ങി. ഞങ്ങളുടെ നഗരത്തിലെ വേനൽ ചൂടിൽ നിന്ന് വ്യത്യസമായി, ഊട്ടി യിലേക്കുള്ള ഞങ്ങളുടെ യാത്ര ഞങ്ങൾക്ക് ഒരുപാട് സുഖകരവും മനോഹരവുമായ അനുഭവങ്ങൾ നൽകി. ഈ തണുത്ത കാലവസ്ഥയും അതിശയകരമായ പ്രകൃതിദൃശ്യങ്ങളും മനസിന് ഒരുപാട് സന്തോഷം നൽകുന്നതായിരുന്നു. പ്രകൃതി ദൃശ്യങ്ങളുടെ നിരവധി ചിത്രങ്ങൾ ഞങ്ങൾ എടുത്തിട്ടുണ്ട്.

പൈക്കര തടാകത്തിലേക്കാണ്  ആദ്യം പോയത്. താടാകാത്തിലെ ബോട്ടിങ് ശരിക്കും രസകരമായിരുന്നു. ശേഷം അവിടുന്ന് ബൊട്ടാണിക്കൽ ഗാർഡനിലേക്ക് പോയി. ഊട്ടിയുടെ ഏറ്റവും ആകർഷണിയ ഭാഗം ബൊട്ടാണിക്കൽ ഗാർഡനാണ്. ബൊട്ടാണിക്കൽഗാർഡനിലേക്ക് ധാരാളം  വിനോദ സഞ്ചാരികൾ എത്തുന്നതിന്റെ പ്രധാന കാരണം അവിടെ ആയിരക്കണക്കിന് പൂക്കൾ മനസിനെ ആകർഷിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു എന്നതാണ്. അവിടെ നിന്നും ഞങ്ങൾ ധാരാളം ചിത്രങ്ങൾ എടുത്തു. കുറെ സമയങ്ങൾ അവിടെ ചിലവഴിച്ച ശേഷം റിസോർട്ടിലക്ക് മടങ്ങി. രാത്രി ഭക്ഷണം കഴിച്ചു കിടന്നു.

പിറ്റേന്ന് 7 മണിക്ക് എഴുന്നേറ്റ് കുളിയും ഭക്ഷണവും ഒക്കെ കഴിഞ്ഞ് 9 മണിക്ക് വീണ്ടും ഞങ്ങൾ ഊട്ടി കാണാൻ ഇറങ്ങി ഊട്ടിയിലെ ഏറ്റവും മികച്ച കാര്യം പ്രകൃതിയുടെ മനോഹാരിതയിൽ നമ്മൾ സന്തുഷ്ടരാകും എന്നതാണ്. ഊട്ടിയിൽ നമുക്ക് കുതിര സവാരി ചെയ്യാം. സവാരിക്ക് കുതിരകളെ കടം കൊടുക്കുന്ന ആളുകൾ ഊട്ടിയിലുണ്ട്. ഞാനും എന്റെ കുടുംബവും സവാരി നന്നായി ആസ്വദിച്ചു. ശേഷം ഞങ്ങൾ കുന്നൂരിലെ  സിംസ് പാർക്കിലേക്ക് യാത്ര തിരിച്ചു.

ഊട്ടിയിൽ നിന്ന് ഏകദേശം 50 മിനിറ്റോളം എടുത്തു അവിടെ എത്താൻ. ഇതൊരു പ്രകൃതിദത്ത പൂന്തോട്ടമാണ്. പാർക്കിനുള്ളിൽ വർണ്ണാഭമായ പുഷ്പങ്ങളും പുൽത്തകിടികളും ഉണ്ട്. കൂടാതെ പ്രകൃതിദത്തമായ ചില മരങ്ങൾ, കുറ്റിച്ചെടികൾ, ഇഴജന്തുക്കൾ, ലോകമെമ്പാടുമുള്ള വിവിധ സ്ഥലങ്ങളിൽ നിന്ന് കൊണ്ട് വന്ന അസാധാരണമായ പലതരം സസ്യങ്ങൾ എന്നിവയും ഉണ്ട്. രണ്ടാം ദിവസത്തെ യാത്ര അത്രമാത്രമായിരുന്നു ശേഷം റിസോട്ടിലേക് മടങ്ങി.

ബുധനാഴ്ച രാവിലെ 7 മണിക്ക് എഴുന്നേറ്റു. ഇന്ന് യാത്രയുടെ അവസാന ദിവസമാണ് അതിന്റെ ചെറിയൊരു  വിഷമം എല്ലാവർക്കും ഉണ്ട്. ഭക്ഷണമൊക്കെ കഴിച്ച ശേഷം ദൊഡ്ഡബെട്ട കൊടുമുടിയിലേക്കാണ് ആദ്യം പോയത്. ഊട്ടിയിൽ നിന്നും 9 കിലോമീറ്റർ മാറി. ഊട്ടി കോട്ടഗിരി റോഡരികിലാണ് ദൊഡ്ഡബെട്ട. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽപെടുന്നതാണ് ഈ പ്രദേശം. ദക്ഷിണേന്ത്യയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമാണിത്. നീലഗിരി പർവ്വതനിരകളിലെ ഏറ്റവും വലിയ പർവതമാണ് ദൊഡ്ഡബെട്ട. ജൈവപുഷ്ടിക്ക് പേരുകേട്ട പ്രേദേശമാണ് ഇത്. ദൊഡ്ഡബെട്ടയുടെ ഉയരത്തിലാണ് രണ്ട് ടെലസ്കോപ്പുകൾ സ്ഥിതിചെയ്യുന്നത്. പൊതു ജനത്തിന് ആകാശ കാഴ്ചകൾ കാണാനും മലയുടെ ഭംഗി ആസ്വദിക്കാനുമാണ് ടെലിസ്കോപ്പ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത് ടെലിസ്കോപ്പിലൂടെയുള്ള കാഴ്ച അതിമനോഹരമായിരുന്നു ദൊഡ്ഡബെട്ടയിൽ ഞങ്ങൾ ഒരു പാട് നേരം ചിലവഴിച്ചു, ഒരുപാട് ഫോട്ടോകൾ എടുത്തു. അതിനു ശേഷം ഞങ്ങൾ റിസോർട്ടിലേക് തിരിച്ചു. അവിടന്ന് ഭക്ഷണവും കഴിച്ചു നാട്ടിലേക്കു തിരികെ പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി 5മണിയോടെ നാട്ടിലേക്കു തിരിച്ചു. ഊട്ടിയിലെ ഓരോ സ്ഥലവും, ഭക്ഷണവും താമസസൗകര്യവും ഞങ്ങൾ നന്നായി ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്തു





Anusree 9B

# പഴശ്ശിരാജ

**ജനനം : 1753 ജനവരി 3**

**മരണം : 1805 നവംബർ 30**

**മലബാറിൽ ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതി വീരസ്വർഗ്ഗം പ്രാപിച്ച ധീരദേശാഭിമാനിയാണ് കേരളവർമ്മ പഴശ്ശിരാജാവ്. വടക്കൻ 'കോട്ടയം' ആയിരുന്നു ഇദ്ദേഹത്തിന്റെ രാജകുടുംബം. പുരളീശരന്മാർ എന്നും ഈ വംശക്കാരെ വിളിച്ചിരുന്നു. പുരളിമല ഇവരുടേതായിരുന്നു. മലബാർ നാടുവാഴിയായിരുന്ന ധീര ദേശാഭിമാനി ശ്രീ പഴശ്ശിരാജ ഹൈദരാലിയുടെ ആക്രമണങ്ങൾ ചെറുക്കാൻ ബ്രിട്ടീഷുകാരുമായി സഖ്യമുണ്ടാക്കി. ബ്രിട്ടീഷുകാരും ഹൈദറുമായുള്ള യുദ്ധത്തിൽ 1780 കാലത്ത് പഴശ്ശിരാജ ബ്രിട്ടീഷുകാരെ സഹായിച്ചു. പില്ക്കാലത്ത് ടിപ്പുവിനെതിരേയും പഴശ്ശിരാജ ബ്രിട്ടീഷുകാരെ സഹായിക്കുകയുണ്ടായി. എന്നാൽ ടിപ്പു പിന്മടങ്ങിയതോടെ ഇംഗ്ലീഷുകാർ പഴശ്ശിരാജയെ അവഗണിച്ചു.**

**1793-ൽ പഴശ്ശിരാജയുടെ അമ്മാവനായ കുറുമ്പ്രനാട്ടു രാജാവിന് കോട്ടയം പാട്ടത്തിന് നൽകി. നികുതിപിരിവ് പഴശ്ശിരാജ നിഷേധിച്ചു. പാട്ടാവകാശം 5 വർഷത്തേക്കുകൂടി നീട്ടികൊടുത്തതോടെ ഇംഗ്ലീഷുകാരുമായുള്ള സമരം മൂർച്ഛിച്ചു. തുടർന്ന് മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിലായപ്പോൾ പഴശ്ശിയും ബ്രിട്ടീഷുകാരും തമ്മിൽ ഇടയാൻ തുടങ്ങി. ഇത് ശക്തമായ കലാപത്തിലേയ്ക്ക് മാറിയപ്പോൾ ബോംബെ ഗവർണ്ണറും പഴശ്ശിരാജയുമായി ഒരു ഉടമ്പടി പ്രകാരം ബ്രിട്ടീഷ് ഭരണം തുടർന്നു.**

**1793നും 1797നും ഇടയിൽ നടന്ന ഈ കലാപങ്ങൾ 'ഒന്നാം പഴശ്ശിവിപ്ലവം' എന്നറിയപ്പെടുന്നു. ബ്രിട്ടീഷുകാരുമായി ഒത്തുതീർപ്പുണ്ടായെങ്കിലും 1800-ൽ വീണ്ടും പരസ്പരം ഏറ്റുമുട്ടി. മലബാർ രാജാക്കന്മാരുടെ പിന്തുണയോടെ ബ്രിട്ടീഷുകാർ പഴശ്ശിയെ നേരിട്ടപ്പോൾ പഴശ്ശിക്ക് അനേകം കർഷകർ തുണയായി. ഇത് 1805-വരെ നീണ്ടു. തുടർന്ന് 1805 നവംബർ 30 ന് മലബാർ സബ് കലക്ടർ ബേബറുടെ ശിപായിയുമായി ഏറ്റുമുട്ടി പഴശ്ശിരാജ കൊല്ലപ്പെട്ടു. ഇത് ആത്മഹത്യയായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. ഇത് 'രണ്ടാം പഴശ്ശിവിപ്ലവം' എന്നറിയപ്പെടുന്നു. 'കേരളസിംഹം' എന്നാണ് പ്രമുഖചരിത്രകാരൻ കെ.എം.പണിക്കർ ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.**

karthik 9B

# വെളുത്ത സ്വർണ്ണം

പോഷക സമൃദ്ധം- വെളുത്ത സ്വർണ്ണം മണ്ണിൽ പണിയെടുക്കുന്ന കർഷകന്റെ ജീവിതവരുമാനവും ധനി കന്റെ തീൻമേശയിലെ ആഡംബരവുമായ ഒരു ഭക്ഷ്യവസ്തുവാണ് കശു വണ്ടിപ്പരിപ്പ് . അന്താരാഷ്ട്ര തലത്തിൽ ആൽമണ്ട് , പിസ്റ്റാഷ്യോ , വാൾനട്ട് , പീക്കൺസ് , മക്കഡേമിയ എന്നിവയുമായി മത്സരിച്ച് കശുവണ്ടിപ്പരിപ്പ് ലോകവിപണിയിൽ കാലാകാലമായി പിടിച്ചു നില്ക്കുന്നു എന്നത് ശ്രദ്ധേ യമാണ് . കൊടും ചൂടിലും തളിരണിഞ്ഞ് നില്ക്കുന്ന കശുമാവിൻ തോട്ട ങ്ങൾ കേരളത്തിന്റെ മുക്കിലും മൂലയിലും തനതു കാഴ്ചയാണ് . പൊതുവേ ചെങ്കൽ പ്രദേശങ്ങളായ കാസർഗോഡിലും കണ്ണൂർ ജില്ല യിലും വയനാ ട്ടിലും ഇടനാട്ടിലും ഒക്കെ കശു മാവ് കൃഷിധാരാളമായി നടക്കുന്നു ണ്ട് . വിദേശവിപണിയിൽപ്പോലും എക്കാലത്തും ലഭിച്ചുപോരുന്ന വൻപ്രിയമാണ് കശുമാവ് കൃഷിയെ നിലനിർ ത്തുന്നത് പ്രതിവർഷം ഭാരതത്തിൽ നിന്ന് കയറ്റി അയക്കുന്ന നാലായിരം കോടി രൂപ വിലവരുന്ന ഒരുലക്ഷം മെട്രിക് ടണ്ണോളം കശുവണ്ടിപ്പരിപ്പ് അമേ രിക്കയിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും തീൻമേശകളിലെത്തുന്നു . ജീവനോപാധിയുടെ ഭാഗമായി സ്വന്തം കുരുന്നുകളുടെ ശാരീരി കവും മാനസികവുമായ വൈകല്യങ്ങൾ ഏറ്റുവാങ്ങേണ്ടിവരുമ്പോഴും വേദനയോടെ പേറിക്കൊണ്ടുപോകേണ്ടിവരുന്ന ജീവിതങ്ങൾ വെളുത്ത സ്വർണ്ണനിർമ്മാണത്തിന് പിന്നിലുണ്ട് .

സുഗന്ധവിളകളുടെ നാടായ കേരളത്തിലെ കറുത്ത സ്വർണ്ണത്തെ ക്കുറിച്ച് ഏവർക്കുമറിയാം . പോർച്ചുഗീസ് വ്യാപാര ഉടമ്പടികളിൽ കറുത്ത സ്വർണ്ണം തേടി കടൽ കടന്നെത്തിയത് നിരവധി വ്യാപാരികളായിരുന്നു . ഇതോടൊപ്പം വെളുത്ത സ്വർണ്ണവും തിളങ്ങി നിന്നു . കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉയർച്ച ഉണ്ടാക്കുക മാത്രമല്ല ഉല്പാദനം , വിപണനം , സംസ്കരണം എന്നിവയിൽ കശുവണ്ടി വ്യവസായത്തിന് നിർണ്ണായക പങ്കാണ് ഉള്ളത് . തൊഴിൽ മേഖലയിലെ ആധിപത്യത്തിന് പുറമേ കശുവണ്ടി



കേരളത്തിന്റെ ഭക്ഷ്യസംസ്കാരത്തിന്റെ ഭാഗം കൂടിയാണ് . പോഷക സമ്പുഷ്ടമായ ഭക്ഷ്യോപാദനം എന്ന നിലയിൽ കശുവണ്ടിയെ ഭാരതീയർ സ്വീകരിച്ചിട്ട് കാലമേറേയായി . യൂറോപ്യൻ തീൻമേശകളടക്കം ഇന്ന് കേരളത്തിന്റെ കശുവണ്ടി ഒഴിച്ചുകൂടാനാവാത്ത വിഭവമായി . അതിഥികൾ വരുമ്പോൾ വിരുന്നു സല്ക്കാരത്തിന് നാം കേരളീയർ റോസ്റ്റഡ് കശുവണ്ടിപ്പരിപ്പ് ഒഴിവാക്കാറില്ല .

Abhijith 9B

# മഴത്തുള്ളികൾ

കാട്ടിനനനുസരിച്ചു നീങ്ങുന്ന മേഘം. മേഘത്തിന്റെ വക്കിൽ ഒരു വെള്ളത്തുലുള്ളി. തിളങ്ങുന്ന കുഞ്ഞു തുള്ളി. പെട്ടന്ന് പിടി വിട്ടു. പിടഞ്ഞു രണ്ടും താഴേക്ക്.അയ്യോ കുഞ്ഞു തുള്ളി നിലവിളിച്ചു. എന്തിനാ പേടിക്കുന്നെ ഞാൻ ഇല്ലേ കൂടെ. അതാരാ കുഞ്ഞു തുള്ളി ചുറ്റും നോക്കി. മറ്റൊരു തുള്ളി. ചന്തമുള്ള വലിയ തുള്ളി. കുഞ്ഞു തുള്ളിക്ക് സമാധാനം ആയി. അവർ കൂട്ടുകാരായി. താഴേക്ക് യാത്ര തുടങ്ങി. കാറ്റു വീശി. തുള്ളികൾ ആടിയുലഞ്ഞു. എനിക്ക് പേടിയാകുന്നു. തിരിച്ചു പോയാലോ? കുഞ്ഞു തുള്ളി വലിയ തുള്ളിയെ നോക്കി. നീ താഴേക്ക് നോക്കൂ. നമ്മുടെ വരവ് നോക്കി നിൽക്കുന്നവരെ  കണ്ടില്ലേ?. കുഞ്ഞു തുള്ളിക്ക് താഴെ എത്താൻ തുടക്കമായി. കാറ്റിനെ ശക്തികൂടി. കുഞ്ഞു തുള്ളിയും വലിയ തുള്ളിയും  യും അകന്നു പോകാൻ തുടങ്ങി അകന്നുപോകാൻ ആകുന്നു പോവാൻ   തുടങ്ങി. അയ്യോ... എന്നെ വിട്ടു പോകല്ലേ. കുഞ്ഞുള്ളി കരഞ്ഞു. വലിയ തുള്ളിക്ക് വിഷമമായി. സ്ും... വലിയ തുള്ളി താഴെ വീണു. മഴ കാത്തിരിക്കുന്ന കറുമ്പി ആടിന്റെ ചെവിയിൽ.   കറുമ്പി തല കുടഞ്ഞു...

ഡിക്ക്... കുഞ്ഞു തുള്ളി വീണു. തൈ മാവിന്റെ താഴെ കൊമ്പിലെ ഇലയിൽ കാറ്റുവീശി. മാവില വിറച്ചു...

എന്താ മണിക്കുട്ടാ ഇവിടെ കിടന്ന് ഉറങ്ങാ?

മഴ വരുന്നു. വേഗം എണീക്ക്.

അവൻ കണ്ണു തുറന്നു.

കുഞ്ഞേച്ചി.....

മണിക്കുട്ടൻ ചുറ്റും നോക്കി.  കുഞ്ഞു തുള്ളിയും വലിയ തുള്ളിയും എവിടെ?



Anmariya9B

# കൈകോർത്തവർ

വർണ്ണ സുന്ദരമായ പൂക്കൾക്ക്
മനോഹാരിത കൈമോശം
വന്നിരിക്കുന്നു.
രക്തബന്ധങ്ങളെ ഹൃദയബന്ധങ്ങൾ
അതിജയിച്ചൊരു കാലം.
മധു നുണഞ്ഞൊടുവിൽ കയ്പ്പ്
നുണയാൻ വിധിക്കപ്പെട്ടവർ,
കാലം ചേർത്ത് വെച്ചതെല്ലാം
സ്വാർത്ഥതക്കായ് പടിയിറക്കിയവർ...
നിറവറിയിച്ച ഹൃദയം തന്നെ
കീറിമുറിച്ചവർ..
ഒടുവിൽ പരസ്പരം നോവുകൾക്കിടം
നൽകി സ്വന്തം ശാന്തിതീരം തേടിയവർ,
തെറ്റേറ്റു പറയാനാവാതെ സ്വയം ഉരുകി
വർത്തമാനത്തിൽ ജീവിക്കുന്നവർ.
ചതിയുടെ കാണാപ്പുറങ്ങൾ തേടി
വിജയാരവങ്ങളിൽ മതിമറക്കുന്ന
ഹൃദയശൂന്യർ..
പുതുമക്കായ് തനിമയെ പണയം
വെച്ചവർ,
ഒരിക്കൽ പോലും മുഖം
നൽകാനാവാത്ത വിധം
സൗഹൃദത്തിന്റെ
മൂടുപണമണിഞ്ഞവർ,
സൗഹൃദത്തിന്റെ എത്രയെത്ര
വേഷപ്പകർച്ചകളാണ്
ആത്മാവ് നഷ്ടപ്പെട്ടലയുന്നത്



യംസീന ഖാദിരി ടി കെ

Thank you

So Much

Little kites Batch 2022-25